നം.കെഎസ്എ.-കെ.ടി.എം.പി11-288/19 തീയതി : 25/03/2019

# കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,*
*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2017 മുതൽ 31.03.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 15.03.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 05.03.2019 മുതൽ 15.03.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സുനിത എം. എസ്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ശിവരാജ് പി. | ഓഡിറ്റർ |

## (ബി) നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| പ്രസിഡന്റ് | പി. കെ. സുധീർ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ശശികല | 01.04.2017 മുതൽ 11.12.2017 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | ജയൻ പി. റ്റി. | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി) | അജിത ഓമനക്കുട്ടൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിങ്ങ് കമ്മിറ്റി) | റ്റി. കെ. രാജു | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ ബെന്നി റ്റി. | 01.04.2017 മുതൽ 12.06.2017 വരെ |
| | ശ്രീ സുരേഷ് കുമാർ | 13.06.2017 മുതൽ 31.03.2018 വരെ |

## (സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
|---|---|---|
| കൃഷി ഓഫീസർ | ആര്യ അനൂപ് | 01.04.2017 മുതൽ 30.10.2017 വരെ |
| | വേണുഗോപാൽ | 31.10.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജയന്ത് ഗോവിന്ദൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – പി.എച്ച്.സി. | ഡോ. വിദ്യ മോഹൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – ആയുർവേദം | ഡോ. ചാന്ദ്നി ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | രാജൻകുട്ടി എൻ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗീത പി. കെ. | 01.04.2017 മുതൽ 30.09.2017 വരെ |
| | മെറീന | 01.10.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ (LSGD) | എം. റഹിം | 01.04.2017 മുതൽ 31.10.2017 വരെ |
| | അരുൺ റ്റി. റ്റി. | 01.11.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ് | സരസമ്മ വി. എ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സൂസൻ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | രജനിമോൾ റ്റി. ഡി. | 01.04.2017 മുതൽ 31.03.2018 വരെ |

**(ഡി) ഉള്ളടക്കം**

| ഖണ്ഡിക നം. | വിഷയം |
|---|---|
| **ഭാഗം 1 -- പൊതു അവലോകനം** | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| **ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | പഞ്ചായത്തിൽ ലഭിച്ച ചെക്ക് കാലാവധി കഴിഞ്ഞിട്ടും പണമാക്കിയില്ല |
| 2-2 | ടെൻഡർ ഫോം വിൽപന - GST തുക പഞ്ചായത്തിന്റെ വരുമാനമായി അക്കൗണ്ട് ചെയ്തു |
| 2-3 | ഇ-ടെൻഡർ നടത്തിയ പ്രോജക്ടുകളുടെ ടെന്റർ ഫാം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല |
| 2-4 | സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| **ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |

| | |
|---|---|
| 3-1 | ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ നല്കാത്തതിനാൽ അധികചെലവ് |
| 3-2 | പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ, പ്രിന്റർ വാങ്ങൽ - അധികം തുക നല്കി |
| 3-3 | ഭിന്നശേഷിക്കാരുടെ അന്താരാഷ്ട്ര ദിനാചരണം- കൈപ്പറ്റ് വിവരം ലഭ്യമല്ല |
| 3-4 | വാട്ടർ കിയോസ്കുകൾ - നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല |
| 3-5 | കരാർ പ്രവൃത്തികളുടെ പൂർത്തീകരണം -കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല |
| 3-6 | കന്നുകുട്ടി പരിപാലനപദ്ധതി- 3 ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നില്ല |
| 3-7 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല – ചെലവ് തടസ്സപ്പെടുത്തുന്നു |
| **ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം -1

# പൊതു അവലോകനം

# പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 18.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 24.03.2018-ൽ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള

വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 9,529,941/- | 10,773,701/- | 1,243,760/- | |
| വരവ് | 104,394,277/- | 53,341,201/- | - | 51,053,076/- |
| ആകെ | 113,924,218/- | 64,114,902/- | - | 49,809,316/- |
| ചെലവ് | 112,294,635/- | 51,202,801/- | - | 61,091,834/- |
| നീക്കിയിരിപ്പ് | 1,629,583/- | 12,912,101/- | 11,282,518/- | - |

2017-18 വർഷം 10.43 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 11.22 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം (ബി-ഫണ്ട്, പഞ്ചായത്തിന് ക്യാഷ് വരവില്ലാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയുൾപ്പടെ) വരുമാനം 6.9 കോടി രൂപയും ചെലവ് 6.88 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവു-ചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വ്യതിയാനം 35 ശതമാനത്തോളമാണ് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവു-ചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പുപ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 21.05.2018-ലെ 11(1)-ാം നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ് (Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 08.06.2018 ലെ എ1-140/18 നം. കത്ത് പ്രകാരം 21.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 27.06.2018, 28.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 02.07.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി11/1297/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10,773,701/- |
| വരവ് | 53,341,201/- |
| ആകെ | 64,114,902/- |
| ചെലവ് | 51,202,801/- |
| നീക്കിയിരിപ്പ് | 12,912,101/- |

## 1-5 ഫണ്ട് വിനിയോഗം - വിശകലനം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 11,586,000/- | 11,586,000/- | 10,846,481/- | 739,519/- | 93.62 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 5,975,349/- | 5,975,349/- | 5,509,809/- | 465,540/- | 92.21 |
| വികസനഫണ്ട് – ടി.എസ്.പി. | 0 | 4,107,330/- | 4,107,330/- | 3,577,003/- | 530,327/- | 87.09 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 8,481,000/- | 8,481,000/- | 5,242,734/- | 3,238,266/- | 61.82 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 2,591,000/- | 2,591,000/- | 1,655,205/- | 935,795/- | 63.88 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5,441,966/- | 5,441,966/- | 5,359,784/- | 82,182/- | 98.74 |
| തൊഴിലുറപ്പ് പദ്ധതി (MNREGS) | 2,023/- | 498,148/- | 500,171/- | 496,924/- | 3,247/- | 99.35 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 702,548/- | 2,000,000/- | 2,702,548/- | 0 | 2,702,548/- | 100 |
| സർവ്വ ശിക്ഷ അഭിയാൻ(SSA) | 104,112/- | 4,164/- | 108,276/- | 0 | 108,276/- | 100 |
| പശ്ചിമഘട്ട സംരക്ഷണ ഫണ്ട്(WGDP) | 36,381/- | 69/- | 36,450/- | 34,648/- | 1,802/- | 95 |
| ഐ.സി.ഡി.എസ്. (ICDS) | 959,419/- | 623,038/- | 1,582,457/- | 877,954/- | 704,503/- | 55.48 |
| TSP കോർപ്പസ് ഫണ്ട് | 3,729,565/- | 138,920/- | 3,868,485/- | 0 | 3,868,485/- | 0 |
| സാക്ഷരത ഗ്രാന്റ് | 2,674/- | 0 | 2,674/- | 0 | 2,674/- | 0 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 0 | 114,097/- | 114,097/- | 72,800/- | 41,297/- | 63.8 |
| നിർമ്മൽ പുരസ്കാരം | 0 | 250,000/- | 250,000/- | 0 | 250,000/- | 0 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും ACR പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 31.03.2018 ലെ ബാലൻസ് ഷീറ്റ് കണക്ക് ശീർഷകം 320200204, 320200106, 320300199 പ്രകാരമുള്ള ഗ്രാന്റുകൾ ഏതിനം ഫണ്ടാണെന്ന് വിശദീകരിക്കപ്പെട്ടിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 27.03.2018 ലെ ഉത്തരവു നം. 490/17/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 07.04.2017, 08.04.2017, 09.04.2017 |
| ഭിന്നശേഷി ഗ്രാമസഭ | 22.04.2017 |
| വികസന സെമിനാർ | 03.05.2017 |
| ഊരുകൂട്ടം | 07.04.2017, 08.04.2017, 09.04.2017 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 56,702,823/- രൂപയും ആകെ ചെലവ് 35,230,779/-രൂപയുമാണ്. ചെലവുശതമാനം 62%. അംഗീകാരം ലഭിച്ച 151 പ്രോജക്ടുകളിൽ 114 എണ്ണം നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 9 | 6 | 1,338,175/- | 627,845/- | 46.92 |
| 2. | വെറ്ററിനറി സർജൻ | 7 | 7 | 3,453,940/- | 1,616,370/- | 46.80 |
| 3. | മെഡിക്കൽ ഓഫീസർ PHC | 7 | 7 | 1,660,864/- | 1,459,400/- | 87.87 |
| 4. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 200,000/- | 200,000/- | 100 |
| 5. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 15 | 13 | 12,217,400/- | 7,054,000/- | 57.74 |
| 6. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 5 | 3,659,375/- | 3,190,835/- | 87.20 |
| 7. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 22 | 18 | 5,994,824/- | 4,986,476/- | 83.18 |
| 8. | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 4 | 4 | 699,380/- | 693,305/- | 99.13 |
| 9. | അസിസ്റ്റന്റ് എഞ്ചിനീയർ | 69 | 44 | 24,012,715/- | 12,387,314/- | 51.59 |
| 10. | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300,000/- | 283,284/- | 94.43 |
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 3,166,150/- | 2,731,950/- | 86.29 |

| ആകെ | 151 | 114 | 56,702,823/- | 35,230,779/- | 62.13 |
|---|---|---|---|---|---|

2017-18 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തെരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും സമഗ്രവികസനം എന്ന കാഴ്ചപ്പാട് പുലർത്താൻ പൂർണ്ണമായും സാധിച്ചിട്ടില്ലെന്ന് കാണുന്നു.

നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകൾക്കു മേൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സമയോചിതമായ മേൽനോട്ടവും നിരീക്ഷണവും ഉണ്ടായതായി കാണുന്നില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിലും നടത്തിപ്പിലും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി സജീവമായ ഇടപെടൽ നടത്തിയിട്ടില്ലെന്ന് കാണുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധികാരപരിധിയിൽപ്പെട്ട വിഷയമേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണവും തുടർനിരീക്ഷണവും ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റി തലത്തിൽ നടത്തപ്പെടേണ്ടതാണ്.

## വാർഷിക പദ്ധതി ഫണ്ട് തിരിച്ചുള്ള വകയിരുത്തൽ-ചെലവ് വിവരങ്ങൾ

| ക്രമ നം. | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| 1. | വികസനഫണ്ട് (ജനറൽ) | 11,947,664/- | 10,846,481/- | 90.78 |
| 2. | വികസനഫണ്ട് (എസ്.സി.പി) | 6,365,000/- | 5,509,809/- | 86.56 |
| 3. | വികസനഫണ്ട് (ടി.എസ്.പി.) | 4,328,300/- | 3,577,003/- | 82.64 |
| 4. | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6,631,032/- | 5,359,784/- | 80.83 |
| 5. | കേന്ദ്രാവിഷ്കൃത ഫണ്ട് | 500,000/- | 219,077/- | 43.82 |
| 6. | സംസ്ഥാനാവിഷ്കൃത ഫണ്ട് | 3,980,000/- | 0 | - |
| 7. | തനത് ഫണ്ട് | 2,878,832/- | 1,219,872/- | 42.37 |
| 8. | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4,165,371/- | 442,858/- | 10.63 |
| 9. | ജില്ലാ പഞ്ചായത്ത് വിഹിതം | 100,000/- | 0 | - |
| 10. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 8,918,500/- | 5,242,734/- | 58.78 |
| 11. | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 3,763,090/- | 1,655,205/- | 43.99 |
| 12. | മറ്റുള്ളവ | 3,125,034/- | 1,157,956/- | 37.05 |
| ആകെ | | **56,702,823/-** | **35,230,779/-** | **62.13** |

## വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

പദ്ധതി ആസൂത്രണത്തിനായി 13 വിഷയമേഖലകളിലായി 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.ഓരോ വിഷയമേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതിപ്രവർത്തനങ്ങൾ

വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചിട്ടില്ല.

**<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>**

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പു പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 13 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 സാങ്കേതിക അനുമതി ലഭിച്ച 83 പ്രോജക്ടുകളിൽ 74 എണ്ണവും തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 31154 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1248 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ഇടക്കയ്യാല, മണ്ണ്-ജല സംരക്ഷണത്തിനുള്ള പ്രവൃത്തികൾ എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. SBI കോരുത്തോട് ശാഖയിലെ 67061841810 നം. അക്കൗണ്ടിലൂടെയാണ് തൊഴിലുറപ്പ് പദ്ധതി ഫണ്ടിന്റെ വിനിമയം നടത്തുന്നത്. MNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2017-18 വരവു-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

<table>
<tr><td colspan="3">മുന്നിരിപ്പ്</td><td>2,023/-</td></tr>
<tr><td rowspan="2">വരവ്</td><td>ഇ.എഫ്.എം.എസ്. വരവ്</td><td>8,565,409/-</td><td rowspan="2">9,063,557/-</td></tr>
<tr><td>ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ)</td><td>498,148/-</td></tr>
<tr><td colspan="3">ആകെ</td><td>9,065,580/-</td></tr>
<tr><td rowspan="4">ചെലവ്</td><td>തൊഴിലാളികളുടെ വേതനം</td><td>8,173,954/-</td><td rowspan="4">9,062,333/-</td></tr>
<tr><td>വിദഗ്ദ്ധ തൊഴിലാളികളുടെ വേതനം</td><td>45,350/-</td></tr>
<tr><td>ഉപകരണങ്ങളുടെ വില, വാടക</td><td>346,105/-</td></tr>
<tr><td>ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ)</td><td>496,924/-</td></tr>
<tr><td colspan="3">നീക്കിയിരിപ്പ്</td><td>3,247/-</td></tr>
</table>

ക്യാഷ് ബുക്ക് പ്രകാരമുള്ള ആകെ ചെലവും 2017-18 ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ ആകെ ചെലവും (സാംഖ്യ ശീർഷകം-251300801) തമ്മിൽ 360/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 12 | 6,600/- |
| കർഷകതൊഴിലാളി പെൻഷൻ | 236 | 2,800,000/- |
| വിധവാപെൻഷൻ | 404 | 4,879,500/- |
| വാർദ്ധക്യകാലപെൻഷൻ | 784 | 10,971,200/- |
| വികലാംഗപെൻഷൻ | 14 | 1,944,600/- |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 13 | 115,500/- |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1 | 30,000/- |
| **ആകെ ബി-ഫണ്ട്** | **20,747,400/- രൂപ** | |

## 1-9 ക്യാഷ് പരിശോധന

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.03.2019 തീയതിയിൽ 03:15 PM-ന് പഞ്ചായത്ത് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 25,051/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ പ്രധാന ന്യൂനതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**<u>സാംഖ്യ അക്കൗണ്ടിങ്ങ്:</u>** വിവിധ ഏജൻസികളിൽ നിന്നുള്ള ഫണ്ടുകൾ തെറ്റായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെടുന്നതിനാൽ ധനകാര്യ പത്രികയിലെ പ്രസ്തുത ഫണ്ടുകളുടെ വിനിമയം പ്രതിഫലിപ്പിക്കുന്നില്ല. അക്കൗണ്ടിങ്ങിൽ Narration നൽകുന്നതിലെ അപാകതകൾ മൂലം ഇടപാടുകളുടെ വിശദാംശം മനസ്സിലാക്കുന്നതിന് സാധിക്കാതെ വരുന്നു.

**<u>പൊതുമരാമത്ത്:</u>** മരാമത്ത് പ്രവൃത്തികളുടെ പ്രവർത്തന കലണ്ടർ ഫയലുകളിൽ സൂക്ഷിക്കുന്നില്ല. കരാർ വച്ച് ആരംഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നെങ്കിലും നിയമാനുസൃതമായ പിഴ ഈടാക്കി വരുന്നില്ല.

**<u>അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ:</u>** വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകളുടെ (സാക്ഷരത, സമ്പൂർണ്ണ ശുചിത്വ പരിപാടി തുടങ്ങിയവ) വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. സൂക്ഷിക്കുന്നില്ല. ഓരോ ഫണ്ടിനും പ്രത്യേകം എ.സി.ആർ. സൂക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും സാമ്പത്തിക വർഷത്തെ സംക്ഷിപ്തം തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

**<u>സ്റ്റോക്ക് രജിസ്റ്റർ.</u>** വിവിധ വർഷങ്ങളിലായി പ്രോജക്ടുകളിലൂടെയും തനത് ഫണ്ട് വിനിയോഗിച്ചും വിലപിടിപ്പുള്ളതും ദീർഘകാലം ഉപയോഗിക്കാവുന്നതുമായ ഇലക്ട്രോണിക് ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ, ഫർണിച്ചർ എന്നിവ ഇൻവോയ്സിലെ വിശദാംശങ്ങൾ ഉൾപ്പെടെ സ്റ്റോക്കിൽ എടുത്തുവെന്ന് ഉറപ്പാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഫർണിച്ചർ ഉൾപ്പെടെയുള്ളവയ്ക്ക് കൃത്യമായ നമ്പരുകൾ മാഞ്ഞുപോകാത്തവിധം രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ഉപയോഗശൂന്യമായവ ഒഴിവാക്കുന്നതിന് നിയമാനുസൃത നടപടികൾ

സ്വീകരിക്കേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2019 | 01/2019 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.01.2009 മുതൽ 24.01.2009 വരെ | 2005-06 മുതൽ 2007-08 വരെ | എൽ.ബി.എ.(എച്ച്.ക്യു.)/II/ 8A-1379/356 Dated- 18.02.2009 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 69,004,106/- രൂപയും ചെലവ് 68,789,276/- രൂപയും തൻവർഷ പ്രവർത്തന മിച്ചം (Gross Surplus) 214,830/- രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 50283394.5 രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 45834238.74 രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 4449155.76 രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല. ബി-15 ഷെഡ്യൂളിലെ 4319101101-State Govt. Cesses/levies in Property Taxes-Control account ലെ നീക്കിയിരിപ്പ് ലഭിക്കാനുള്ള വസ്തുനികുതിയുടെ 5% തുകയല്ല.
4. പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ ശീർഷകത്തിൽ നിന്നും തുക നൽകിയാണ് 164/18 നം. പ്രോജക്ടിന്റെ ചെലവ് നടത്തിയിട്ടുള്ളത്. ആയതിനാൽ ചെലവഴിച്ച തുക 12.8 ലക്ഷം രൂപ സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
5. തൻവർഷത്തിൽ ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തിരിക്കുന്നത് അതാത് ആസ്തി അക്കൗണ്ടുകളിൽ മൂല്യ ശോഷണം ക്രഡിറ്റ് ചെയ്താണ്. ഓരോ ആസ്തികൾക്കും മൊത്തത്തിലുള്ള മൂല്യശോഷണം(Accumulated Depreciation) അക്കൗണ്ട് ചെയ്യുന്നതിന് പ്രത്യേകം കണക്ക് ശീർഷകങ്ങൾ ഉള്ളപ്പോൾ നേരിട്ട് ആസ്തി അക്കൗണ്ടിൽ മൂല്യശോഷണം അക്കൗണ്ട് ചെയ്തത് തെറ്റായ അക്കൗണ്ടിങ്ങ് രീതിയാണ്. അക്കൗണ്ടിങ്ങിലെ പ്രസ്തുത അപാകത ക്രമീകരിക്കേണ്ടതാണ്. റോഡുകൾ, പാലങ്ങൾ എന്നീ ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട്

ചെയ്തിട്ടില്ല.

6. പഞ്ചായത്ത് ഉടമസ്ഥതയിൽ വാഹനം ഉണ്ടെങ്കിലും ആയതിന്റെ മൂല്യം കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

7. പഞ്ചായത്തിന്റെ ജനറൽ ഫണ്ടിന്റെ (സാംഖ്യ കണക്ക് ശീർഷകം-310100101) കൃത്യത നിർണ്ണയിക്കുന്നതിന് പര്യാപ്തമായ രേഖകൾ ലഭ്യമല്ല. പഞ്ചായത്തിന്റ ആസ്തികൾ കൃത്യമായി കണക്കാക്കുന്ന നടപടികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ 31.03.2018-ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി-ബാധ്യത, ജനറൽ ഫണ്ട് എന്നിവയുടെ കൃത്യത വ്യക്തമല്ല.

8. കോരുത്തോട് സർവ്വീസ് സഹകരണ ബാങ്കിലെ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിന്റെ (സാംഖ്യ കണക്ക് ശീർഷകം-450230101) മാർച്ച്-2018 പൊരുത്തപ്പെടുത്തൽ പത്രിക പ്രകാരം ഇഷ്യൂ ചെയ്ത ശേഷം കാലാവധിക്കുള്ളിൽ പണമാക്കാത്ത 5 ചെക്കുകളുടെ മൂല്യം 350800101-Liability in respect of stale chequeശീർഷകത്തിലേക്ക് ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല.

9. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ 330500102 ശീർഷകത്തിൽ ലോൺ ഇനത്തിൽ 996,079/- രൂപ ബാധ്യത ഉള്ളതായി ചേർത്തിരിക്കുന്നു. എന്നാൽ ലോൺ പാസ് ബുക്ക് (അക്കൗണ്ട് നം.1/09-10), ലോൺ രജിസ്റ്റർ എന്നിവ പ്രകാരം 18.08.2017-ൽ 996,079/- രൂപ അടവാക്കി ലോൺ മുതൽ തുക പൂർണ്ണമായും അടവാക്കിയതായി കാണുന്നു. ലോൺ തുക പൂർണ്ണമായും അടവാക്കിയെങ്കിലും ആയത് കൃത്യമായ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ലാത്തതിനാൽ പഞ്ചായത്തിന് ബാധ്യതയല്ലാത്ത 996,079/- രൂപ 31.03.2018-ലും ബാധ്യതയായി നിലനിൽക്കുന്നു.

10. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകളുടെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 320100204,320200106,320300199 ശീർഷകങ്ങളിലെ ഗ്രാന്റുകൾ ഏതിനം ഫണ്ടാണ് എന്നതിന്റെ വിശദാംശം ലഭ്യമല്ല.

11. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-5 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ചതിൽ ചെലവഴിക്കാത്ത തുക 320700104, 320700204, 320700205, 320700404, 320700405 എന്നീ ശീർഷകങ്ങളിൽ അവശേഷിക്കുന്നു. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിന് ഓരോ ശീർഷകം തിരിച്ച് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടിന് ലഭിച്ച മേൽപറഞ്ഞ ഫണ്ട് നിക്ഷേപിക്കുന്നതിന് ആരംഭിച്ച ട്രഷറി അക്കൗണ്ടിൽ 31.03.2018-ൽ നീക്കിയിരിപ്പ് ഇല്ല. രേഖകളുടെയും രജിസ്റ്ററുകളുടെയും അഭാവത്തിൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ കൃത്യത വ്യക്തമല്ല.

12. ഗുണഭോക്തൃ വിഹിതമിനത്തിലുള്ള 31.03.2018-ലെ നീക്കിയിരിപ്പ് തുക 299,666/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണെന്നുള്ള വിശദാംശം ലഭ്യമല്ല.

13. 340109901-Other Deposits ശീർഷകത്തിൽ നീക്കിയിരിപ്പ് തുകയുടെ വിവരം ഡെപ്പോസിറ്റ് രജിസ്റ്ററിൽ ലഭ്യമല്ല.

14. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ മുൻബാക്കി തുക (Opening Balance) വർഷം തിരിച്ച് ഡെപ്പോസിറ്റ് രജിസ്റ്ററിൽ ക്യാരി ഓവർ ചെയ്തിട്ടില്ല.

15. 31.03.2018-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനുള്ള ജീവനക്കാരുടെ പേരിലുള്ള ബാധ്യതകൾ, സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ സംബന്ധിച്ച ബാധ്യതകൾ എന്നീ

രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

16. അക്രൂവൽ വരവിനമായ ട്രെയ്ലർ, സ്ഥാപനങ്ങൾ എന്നിവയുടെ തൊഴിൽ നികുതി ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. ആയതിനാൽ ടി ഇനത്തിലെ ധനകാര്യ പത്രിക പ്രകാരമുള്ള തുകകളുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. 31.03.2018 ബാലൻസ് ഷീറ്റ് പ്രകാരം 431190101, 431190102 ശീർഷകങ്ങളിൽ അവശേഷിക്കുന്ന തൊഴിൽ നികുതി കുടിശിക ഏതെല്ലാം സ്ഥാപനങ്ങളാണ് ഒടുക്കാനുള്ളത് എന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല.

17. 412010101-Capital Work in Progress ശീർഷകത്തിൽ നീക്കിയിരിപ്പുള്ള തുക വിശദീകരിക്കുന്ന രേഖകൾ ലഭ്യമല്ല.

18. 460509901, 460500501, 460100105 ശീർഷകങ്ങളിലുള്ള തൻവർഷത്തെ മുന്നിരിപ്പ് തുകയുടെ വിശദാംശം അഡ്വാൻസ് രജിസ്റ്ററിൽ മുൻവർഷങ്ങളിൽ നിന്നും ക്യാരി ഓവർ ചെയ്ത് വിശദാംശം തയ്യാറാക്കിയിട്ടില്ല.

19. ശബരിമല സ്പെഷ്യൽ ഗ്രാന്റ് തുക ബി-2 ഷെഡ്യൂളിലാണ് ഉൾപ്പെടുന്നത് (കണക്ക് ശീർഷകം-311100199). ടി തുക ഗ്രാന്റ് ഇനത്തിലുള്ളതായതിനാൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുന്ന നിശ്ചിത ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. മറ്റ് ഗ്രാന്റ് ശീർഷകങ്ങളിലും ശബരിമല ഗ്രാന്റ് തുക അക്കൗണ്ട് ചെയ്തിട്ടുള്ളതിനാൽ പഞ്ചായത്ത് ഫണ്ടിലുള്ള ടി ഗ്രാന്റിന്റെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.

വാർഷിക കണക്കുകളിലെ വർഷാന്ത്യ ബാലൻസ് ഷീറ്റിലെ വിവിധ ശീർഷകങ്ങളിലെ ആസ്തി-ബാധ്യതകൾ വിശദീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി തൻവർഷ കണക്കുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്, തൻവർഷ വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ്) തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്തിൽ ലഭിച്ച ചെക്ക് കാലാവധി കഴിഞ്ഞിട്ടും പണമാക്കിയില്ല

പഞ്ചായത്തിൽ ലഭിച്ച 3,750/- രൂപയുടെ ചെക്ക് (ചെക്ക് നം.81520672 തീയതി 28.02.2015) കാലാവധി കഴിഞ്ഞിട്ടും ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യാതെ അവശേഷിക്കുന്നതായി തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച്-2018 റീക്കൺസിലേഷൻ പത്രികയിൽ കാണുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വരുമാനം കൃത്യമായി ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/14.03.2019) നൽകിയിരുന്നു. പ്രസ്തുത ചെക്ക് ലഭ്യമാക്കിയ അക്കൗണ്ട്സ് ഓഫീസർ, ബി.എസ്.എൻ.എൽ., കോട്ടയം ഓഫീസിലിക്ക് ചെക്ക് റീവാലിഡേഷൻ ചെയ്യുന്നതിനുള്ള കത്ത് നൽകിയതായി മറുപടിയിൽ അറിയിച്ചു. 3,750/- രൂപ മേൽപറഞ്ഞ സ്ഥാപനത്തിൽ നിന്നും പണമായോ ചെക്കായോ ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിൽ

നിക്ഷേപിക്കേണ്ടതാണ് (തുക ലഭിക്കുമ്പോൾ വീണ്ടും രസീത് നൽകേണ്ടതില്ല). തുക ഒടുക്കിയ ശേഷം ബാങ്ക് അക്കൗണ്ട് റീക്കൺസിലേഷൻ ക്രമീകരിച്ച ശേഷമുള്ള റീക്കൺസിലേഷൻ പത്രിക, തുക ഒടുക്കിയ തീയതിയിലെ ബാങ്ക് സ്ക്രോൾ എന്നിവ ഹാജരാക്കേണ്ടതാണ്.

## 2-2 ടെൻഡർ ഫോം വിൽപന - GST തുക പഞ്ചായത്തിന്റെ വരുമാനമായി അക്കൗണ്ട് ചെയ്തു

അസിസ്റ്റന്റ് എഞ്ചിനീയർ മാനുൽ രസീത് മുഖേന പിരിച്ച ടെൻഡർ ഫോറം വിലയും GST യും ഉൾപ്പടെയുള്ള തുക 150110101-Sale of Tender Forms എന്ന ശീർഷകത്തിൽ പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തിരിക്കുന്നു. GST തുക ബാധ്യത ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കേണ്ടതായിരുന്നു. പഞ്ചായത്ത് വരവായി അക്കൗണ്ട് ചെയ്ത GST തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| മാനുൽ രസീത് നം. | ടെൻഡർ ഫാറം വില | GST | ആകെ | സാംഖ്യ രസീത് |
|---|---|---|---|---|
| 8400(34) | 4950 | 594 | 5544 | 117010101059/20.12.2017 |
| 8400(35) | 4950 | 594 | 5544 | |
| 8400(36) | 7300 | 877 | 8177 | |
| 8400(37) | 7300 | 877 | 8177 | |
| 8400(38) | 1330 | 160 | 1490 | 117010101292/17.01.2018 |
| 8400(39) | 650 | 78 | 728 | 117010101854/14.02.2018 |
| ആകെ | 26480 | 3180 | 29660 | |

ടെൻഡർ ഫോറം വിൽപനയിൽ ലഭിച്ച 29,660/- രൂപയും പഞ്ചായത്തിന്റെ വരവായിട്ടാണ് അക്കൗണ്ട് ചെയ്തത്. ആയതിനാൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് തുല്യമായി ലഭിക്കേണ്ട GST 3,180/- രൂപ പഞ്ചായത്തിന്റെ തനത് വരുമാനമായി പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. GST തുക പഞ്ചായത്തിന്റെ തനത് വരവായി അക്കൗണ്ട് ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/14.03.2019) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് വരുമാനമായി തെറ്റായി അക്കൗണ്ട് ചെയ്യപ്പെട്ട GST സർക്കാരിലേക്ക് ഒടുക്കുമെന്ന് അറിയിച്ചു. അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ 3,180/- രൂപ ബാധ്യതയാക്കി മാറ്റിയ ശേഷം കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കിയതിന്റെ വിശദാംശം ട്രഷറി ചെല്ലാന്റെ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-3 ഇ-ടെൻഡർ നടത്തിയ പ്രോജക്കുകളുടെ ടെൻഡർ ഫോം വില പഞ്ചായത്തിന് ലഭ്യമായിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ പഞ്ചായത്തിന് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2016-17,2017-18 വർഷങ്ങളിൽ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ ഇ -ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942 /2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ

ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് വേളയിൽ അറിയിച്ചു. മേൽ സർക്കുലർ പ്രകാരമുള്ള അക്കൗണ്ട് ആരംഭിച്ച് ഇ-ടെൻഡർ ഫോമിന്റെ മൂല്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. തുക അക്കൗണ്ടിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ ഫോം വില, State Goods and Services Tax(SGST), Central Goods and Services Tax(CGST) എന്നിവ കൃത്യമായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 2-4 സ്ഥാപനങ്ങളുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപന തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ കൃത്യമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ 5 സ്ഥാപനങ്ങളുടെ (Institutions) ടേണോവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതി മാത്രമാണ് തൻവർഷം ഈടാക്കിയത്. തൊഴിൽ നികുതി ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ലാത്തതിനാൽ 31.03.2018ലെ ബാലൻസ് ഷീറ്റ് പ്രകാരം 2017-18 വർഷത്തെ തൊഴിൽ നികുതി കുടിശിക 3,900/- രൂപയും മുൻവർഷങ്ങളിലെ കുടിശിക 3,900/- രൂപയും ഏതെല്ലാം സ്ഥാപനങ്ങളാണ് ഒടുക്കാനുള്ളത് എന്നത് വ്യക്തമല്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതും 2017-18 വർഷം തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടാത്തതുമായ സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക്, ഹെഡ് ഓഫീസ്, പള്ളിപ്പടി |
| 2. | കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക്, M&E ശാഖ, കോരുത്തോട് |
| 3. | കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക്, മടുക്ക ശാഖ |
| 4. | യുണൈറ്റഡ് ഇന്ത്യ അഷ്വറൻസ് പോർട്ടൽ ഓഫീസ്, മടുക്ക |
| 5. | മുളമൂട്ടിൽ ഫിനാൻസ്, കോരുത്തോട് ശാഖ |
| 6. | മുളമൂട്ടിൽ ഫിനാൻസ്, മടുക്ക ശാഖ |
| 7. | കടവിൽ ഫിനാൻസ്, കോരുത്തോട് |
| 8. | മലനാട് ക്ഷീരോൽപാദക സംഘം, കോരുത്തോട് |
| 9. | സെന്റ് ജോർജ് പബ്ലിക് സ്കൂൾ, കോരുത്തോട് |
| 10. | ക്ഷീരോൽപാദക സഹകരണ സംഘം, കുഴിമാവ് ടോപ്പ് |
| 11. | ക്ഷീരോൽപാദക സഹകരണ സംഘം, മാങ്ങാപ്പേട്ട |
| 12. | പട്ടികജാതി ക്ഷീരോൽപാദക സഹകരണ സംഘം, പുഞ്ചവയൽ 504 കോളനി |

തൊഴിൽ നികുതി ഡിമാന്റ് കൃത്യമായി കണക്കാക്കി ഡിമാന്റ് ചെയ്യാതിരുന്നത് മൂലം നികുതിയിനത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിക്കേണ്ടിയിരുന്ന വരുമാനം നഷ്ടമാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.11/13.03.2019) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽവിവരിച്ച സ്ഥാപനങ്ങളെ

തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി (സ്ഥാപനങ്ങൾ, ട്രെയ്ഡർ) ഡി.സി.ബി. കൃത്യമായി തയ്യറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. തൊഴിൽ നികുതി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയ രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ നല്കാത്തതിനാൽ അധികചെലവ്

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ(അച്ചടി)01/04 ഐ ആന്റ് പി ആർ, 21.06.04 ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം, മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിയ്ക്കുന്നില്ല. ആയതിനാൽ പരസ്യമിനത്തിൽ അധികചെലവ് ഉണ്ടായതായി കാണുന്നു. പ്രോജക്ട് നം 1/18 പ്രകാരം പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്കായി ഇപ്രകാരം ചെലവഴിച്ച തുകയുടെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പത്രത്തിന്റെ പേര്, തീയതി | നിരക്ക് | ചെലവായ തുക (നികുതി ഉൾപ്പെടെ) | ചെലവാക്കാവുന്ന തുക |
|---|---|---|---|
| ദേശാഭിമാനി 15-11-17 | 5x8 =40 സെ.മീ @180 | 7560 രൂ (ബിൽ നം.22/15.12.17) | 3x8=24 ച.സെ.മീ @180= 4320രൂപ |
| ദേശാഭിമാനി 14-12-17 | 5x8=40 സെ.മീ @210 | 7497 രൂപ ബിൽ നം.26/19.1.18) | 3x8=24 ച.സെ.മീ @210=5040രൂപ |
| മംഗളം 08.02.18 | 8x6-48.സെ.മീ @175 | 7479 (ബിൽ നം.31/31.1.18) | 3x8=24ച.സെ.മീ @175രൂപ=4200രൂപ |

ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിലായിരിക്കാൻ ശ്രദ്ധിയേ്ക്കണ്ടതും ഈയിനത്തിലുള്ള നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

### 3-2 പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ, പ്രിന്റർ വാങ്ങൽ -അധികം തുക നല്കി

| | |
|---|---|
| പ്രോജക്ട് നം | 96/18 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ - ധനകാര്യ കമ്മിഷൻ ഗ്രാന്റ് വികസന ഫണ്ട് (ജനറൽ) | 56500 143960 |
| ചെലവ് - ധനകാര്യ കമ്മിഷൻ ഗ്രാന്റ് വികസന ഫണ്ട് (ജനറൽ) | 56500 143960 |

പഞ്ചായത്ത് ഓഫീസിലേക്ക് സ്കാനർ, പ്രിന്റർ, ഹാർഡ് ഡിസ്ക് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം ടെൻഡർ ക്ഷണിച്ചതിൽ സ്കാന്ര, പ്രിന്റർ എന്നിവയ്ക്ക് കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ആൻട്രി കോം സിസ്റ്റംസ്(ഇൻഡ്യ) പ്രൈ. ലിമിറ്റഡ്, റാന്നി എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും സാധനങ്ങൾ ടി സ്ഥാപനത്തിൽ നിന്നും

വാങ്ങുകയും ചെയ്തിട്ടുണ്ട്. ടെൻഡർ പ്രകാരം നികുതി ഉൾപ്പെടെയുള്ള തുകയാണ് സ്ഥാപനം കോട്ട് ചെയ്തിരുന്നത്. എന്നാൽ ഇൻവോയ്സ് പ്രകാരം ടി തുകയോടൊപ്പം നികുതി വീണ്ടും കൂട്ടുകയും ആയത് പ്രകാരമുള്ള തുക നല്കുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ടെൻഡർ പ്രകാരം കോട്ടു ചെയ്ത തുക (നികുതിയുൾപ്പെടെ) | ബിൽ പ്രകാരം നല്കിയ തുക | ഇൻവോയ്സ് നം | ബിൽ നം | അധികം നല്കിയത് |
|---|---|---|---|---|---|
| ലേസർ പ്രിന്റർ കാനൻ 2900 B | 9800 *3 | 27457.5 | ACS/487/ 21.12.17 | 27/ 4.1.18 | 10000 |
| മോണോക്രോം ലേസർ പ്രിന്റർ ഡ്യൂപ്ലക്സ് മോഡൽ 6230 DN | 12900*1 | 11780 | | | |
| ഹൈസ്പീഡ് സ്കാനർ DRF 120 | 33800 | 33728.5 | | | |
| ആകെ | 76100 | 72966+tax =86100 | | | |
| മോണോക്രോം ലേസർ പ്രിന്റർ ഡ്യൂപ്ലക്സ് മോഡൽ 6230 DN | 12900 | 11780 +tax =13900 | ACs/542/ 18/22.1.18 | 31/ 31.1.18 | 1000 |
| കളർ ലേസർ പ്രിന്റർ- കാനൻ LBP 511CN | 33410 | 36102 + tax= 42600 | ACs/541/ 17/22.1.18 | | 9190 |
| ആകെ | 46310 | 56500 | | | 10190 |
| ഒട്ടാകെ | | | | | 20190 |

20190 രൂപ അധികം നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നല്കിയപ്പോൾ (നം.12/13.3.2019) അധികം നല്കിയ 20190 രൂപയിൽ 17190 രൂപ 14.3.19 ലെ 118010102547 രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്നും ബാക്കി നിൽക്കുന്ന 3000/- രൂപ ടിയാന് നല്കാനുള്ള ഇ.എം.ഡി തുകയിൽ നിന്നും ഈടാക്കുന്നതാണെന്നും സെക്രട്ടറി മറുപടി നല്കി. തനതുഫണ്ടിൽ അവശേഷിക്കുന്ന 20190/- രൂപ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 ഭിന്നശേഷിക്കാരുടെ അന്താരാഷ്ട്ര ദിനാചരണം- കൈപ്പറ്റ് വിവരം ലഭ്യമല്ല

ഭിന്നശേഷിക്കാരുടെ അന്താരാഷ്ട്ര ദിനാചരണത്തിന്റെ ജില്ലാടിസ്ഥാനത്തിലുള്ള ചെലവുകൾക്കായി 3000 രൂപ ജില്ലാ സോഷ്യൽ ജസ്റ്റിസ് ഓഫീസർ കോട്ടയത്തിന്റെ പേരിൽ നല്കുന്നതിനായി വൗച്ചർ നം.21700505/ 13.12.17പ്രകാരം പിൻവലിച്ചിട്ടുണ്ട്.

എന്നാൽ ടി തുക സാമൂഹ്യനീതി വകുപ്പ് ഓഫീസർ കൈപ്പറ്റിയത് സംബന്ധിച്ച് വിവരം ലഭിച്ചിട്ടില്ല. ആയതിനാൽ ടിയിനത്തിലെ ചെലവ് 3000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക കൈപ്പറ്റിയതിന്റെ രസീത് ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 വാട്ടർ കിയോസ്കുകൾ - നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന വിവിധ പഞ്ചായത്തുകൾക്ക് ശുദ്ധജലം ശേഖരിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും വാട്ടർ കിയോസ്കുകൾ അനുവദിക്കുകയും കോരുത്തോട് ഗ്രാമപഞ്ചായത്തിന് 4 കിയോസ്കുകൾ ലഭിക്കുകയും ചെയ്തിരുന്നു. ഗ്രാമപഞ്ചായത്തിൽ വാട്ടർ കിയോസ്കുകൾക്ക് പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനും അനുബന്ധച്ചെലവുകൾക്കുമായി തനത് ഫണ്ടിൽ നിന്നും 37327/- രൂപ ചെലവ് ചെയ്തിട്ടുണ്ട്.

സ.ഉ (സാധാ)നം 787/2017 ഡി.എം.ഡി. തീയതി 23/2/2017 പ്രകാരം റവന്യൂ വകുപ്പ് വിതരണം ചെയ്യുന്ന ടാങ്കുകൾക്ക് പ്ലാറ്റ് ഫോം നിർമ്മാണവും തുടർ നടത്തിപ്പും തദ്ദേശ സ്ഥാപനം നടത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ ടി ഉത്തരവു പ്രകാരം കിയോസ്കുകളിൽ എപ്പോഴും പകുതി ഭാഗമെങ്കിലും ജലലഭ്യത ഉറപ്പുവരുത്തേണ്ടതും പാത്രങ്ങളിൽ ജലം ശേഖരിക്കുന്നതിന് സഹായകമായ രീതിയിൽ വാട്ടർ ടാപ്പുകളും അനുബന്ധ ഉപകരണങ്ങളും തദ്ദേശ സ്ഥാപനം സ്ഥാപിക്കേണ്ടതുമാണ്. പഞ്ചായത്തിൽ വാട്ടർ ടാങ്കുകൾ സ്ഥാപിച്ച് ടാപ്പുകൾ ഫിറ്റു ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ജനങ്ങൾക്ക് പ്രയോജനം ലഭ്യമായിട്ടില്ല. 37327/- രൂപ ചെലവഴിച്ച് സ്ഥാപിച്ച വാട്ടർ കിയോസ്ക്കുകൾ മുഖേന നാളിതുവരെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കാത്ത സാഹചര്യത്തിൽ ടി ചെലവ് പാഴ്ചെലവായി മാറിയിരിക്കുന്നു. വാട്ടർ കിയോസ്ക്കുകൾ നശിച്ചു പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതും ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് പരമാവധി സഹായം എന്ന നിലയിൽ സർക്കാരും തദ്ദേശ സ്ഥാപനവും സംയുക്തമായി ചെയ്യേണ്ടുന്ന പ്രവൃത്തി പ്രയോജനകരമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഭരണ സമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്.

## 3-5 കരാർ പ്രവൃത്തികളുടെ പൂർത്തീകരണം -കേരള പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള നടപടിക്രമം പാലിക്കുന്നില്ല

ജി.ഒ (എം.എസ്) 74/2014 എൽ.എസ്.ജി.ഡി തീ.7.5.2014 ക്ര.നം 12 പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികൾ കേരള പൊതുമരാമത്ത് മാന്വൽ 2012 പാലിച്ചുകൊണ്ടായിരിക്കണം നടപ്പാക്കേണ്ടതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത മാന്വലിന്റെ ഖ.2112-1 പ്രകാരം കരാറുകാരന്റെ പിഴവ് മൂലം പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടി വരുന്ന ഘട്ടത്തിൽ കരാർ തുകയുടെ നിശ്ചിത ശതമാനം പിഴ ഈടാക്കി ദീർഘിപ്പിക്കാമെന്ന് വ്യവസ്ഥയുണ്ട്. ഇതിന് യഥാർത്ഥ പൂർത്തീകരണ കാലാവധിക്കു മുൻപ് കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ സമർപ്പിക്കണം. ഇങ്ങനെ പരമാവധി ദീർഘിപ്പിച്ച് നല്കാവുന്ന സമയം യഥാർത്ഥ പൂർത്തീകരണ സമയത്തിന്റെ 50% മാത്രമാണ്. എന്നാൽ 2017-18 വർഷം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിർദ്ദേശിച്ചിട്ടുള്ള നടപടികളൊന്നും പാലിച്ചിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം, പേര് | 60/18 കൃഷിഭവൻ മെയിന്റനൻസ് | 75/18, 88-ാം നമ്പർ അങ്കണവാടി വയോജനങ്ങൾക്ക് ക്ലബ് | 123/18, പനയ്ക്കച്ചിറ, 77ാം നമ്പർ അങ്കണവാടി |
|---|---|---|---|

| | | | |
|---|---|---|---|
| | | | നിർമാണം |
| അടങ്കൽ | 200,000/- | 250000 | 810000 |
| പൂർത്തീകരിക്കേണ്ട കാലയളവ് | 3 മാസം | 1 മാസം | 4മാസം |
| കരാറുകാരൻ | ഹരികുമാർ.കെ.എസ് | ജോൺസൺ ഫിലിപ്, തകടിയേൽ | ജസ്റ്റിൻ.ടി.ഒ, തോണശ്ശേരിൽ |
| എഗ്രിമെന്റ് നം.തീയതി | 15/AE/LSGD/ KRD/2017-18 തീയതി 30.10.17 | 24/AE/LSGD/ 17-18/16-11-17 | 58/AE/LSGD/KRD/ 16-17/27-3-2017 |
| എം.ബുക്ക് നം. | 40/17-18 | 15/17-18 | 52/16-17 |
| കരാർ തുക | 176926 | 192838 | 710426 |
| സൈറ്റ് കൈമാറിയ തീയതി | 30.10.17 | 16-11-17 | 27-3-17 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 31.1.18 | 15-12-17 | 31.7.17 |
| പൂർത്തിയാക്കിയ തീയതി | 20.3.2018 | 14-2-18 | 27.11.17 |
| ബിൽ നം., തുക | 42/28.3.18 – 160698 | 23/17-18/ 15-3-18-192838/- | 21/17-18/ 8-3-18-122000 (ഫൈനൽ ബിൽ) ചെക്കനം.7382368/ 31-3-18 , 70451/- |
| ഈടാക്കാമായിരുന്ന പിഴ | 1.2.18 മുതൽ 23.2.2018 വരെ 176926 രൂപയുടെ 1% -1769<br>24.2.18മുതൽ 2% 3538<br>1769+3538 =5307 | 192838*1% പിഴ, 1928/ | 1-8-17മുതൽ 31.8.17 വരെ 710426/രൂപയുടെ 1% - 7104<br>1.9.17 മുതൽ 2%-14208<br>7104+14208 =21312 |
| കരാറുകാരന് തുക നല്കിയതിന്റെ വിവരം | 157484 രൂപ SBI – 57049941609 | അക്കൗണ്ടിലേക്ക് നല്കി. | അക്കൗണ്ടിലേക്ക് നല്കി. |

പ്രവൃത്തി സമയം നീട്ടിക്കിട്ടുന്നതിനുള്ള അപേക്ഷ പോലും ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പൊതുമരാമത്ത് മാന്വലിന് വിരുദ്ധമായി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി പിഴ

പോലും ഈടാക്കാതെ കരാറുകാരന് തുക നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 16/14.3.2019) മറുപടി ലഭ്യമാക്കിയില്ല. പിഴയിനത്തിൽ കുറവു വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 കന്നുകുട്ടി പരിപാലനപദ്ധതി- 3 ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങുന്നില്ല

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പാക്കുന്നതിനായി 28 ഗുണഭോക്താക്കൾക്ക് 6250/രൂപ വീതം ആകെ 175000/രൂപ വികസനഫണ്ടിൽ നിന്ന് ബിൽ നം. 6/17-18 ആയി അസി.ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയത്തിന് നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്റ്റ് പ്രകാരമുള്ള കാലിത്തീറ്റവിതരണ രജിസ്റ്റർ പരിശോധിച്ചതിൽ 3 ഗുണഭോക്താക്കൾ ഒന്ന്, രണ്ട് തവണ മാത്രം കാലിത്തീറ്റ വാങ്ങിയശേഷം പിന്നീട് വാങ്ങാത്ത സാഹചര്യം നിലനില്ക്കുന്നു. (ഷീബ, പാലക്കുന്നേൽ, ഷെരീഫ, വെള്ളിലാപ്പറമ്പ്, ഉമ, ചെട്ടിയാനിയിൽ). അതായത് ടി ഗുണഭോക്താക്കൾക്ക് വേണ്ടി വികസനഫണ്ടിൽ നിന്ന് ചെലവഴിച്ച തുക പ്രോജക്റ്റ് അസി.ഡയറക്ടറുടെ അക്കൗണ്ടിൽ നിലനില്ക്കുന്നു. ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്ന് പിൻമാറിയ സാഹചര്യത്തിൽ ബാക്കിനില്ക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 3-7 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

2017-18 വർഷം, സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ സ്ഥാപനങ്ങളിൽ നൽകിയ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോ.നം/ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം |
|---|---|---|---|
| 1 | 173/18 കുഴൽ കിണർ നിർമ്മാണം | 180404 (ബിൽ നം.35/24.2.18 ) | ഭൂജല വകുപ്പ് |
| 2 | 176/18 വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം | 626736 (ബിൽ നം 49/26.3.18, 50/28.3.18 ) | ഭൂജല വകുപ്പ് |
| 3 | 154/18 കോരുത്തോട് 6ാം വാർഡ് കോസടി വാട്ടർ സപ്ലൈ സ്ക്കീം പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ | 400000 (ബിൽ നം.6/21.12.17 ) | വാട്ടർ അതോറിറ്റി |
| | ആകെ | 1207140 | |

ക്രമനം 3 ലെ പ്രോജക്ടിന് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിരുന്നില്ല. പ്രസ്തുത പ്രോജക്ടുകൾ അതാത് ഏജൻസികൾ നിർവ്വഹണം നടത്തിയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ആകെ ഡെപ്പോസിറ്റ് ചെയ്ത 1207140/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നു മാത്രമാണ് തുക ലഭിച്ചിട്ടുള്ളത്. 2017-18 ൽ ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | പാലിയേറ്റീവ് കെയർ(ജനറൽ) (80/18,129/18) | 250,000/- | 21.12.2017 | 250,000/- | ഇല്ല |
| | ലൈഫ് മിഷൻ-ജനറൽ (164/18)* | 3,515,371/- | 27.11.2017 | 1,280,000/- | 2,235,371/- |
| | അംഗൻവാടികൾക്ക് പോഷകാഹാര വിതരണം- ജനറൽ (20/18) | 100,000/- | 31.10.2017 | 100,000/- | ഇല്ല |
| | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- ജനറൽ(22/18) | 92,858/- | 27.03.2018 | 92,858/- | ഇല്ല |
| **ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | **3,958,229/-** | **-** | **17,22,858/-** | **2,235,371/-** |

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് നിലവിലുണ്ടെങ്കിലും സംയുക്ത പ്രോജക്ടിനായി പഞ്ചായത്ത് ഫണ്ടിലെ 31.03.2018 ലെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയം പ്രസ്തുത ഉദ്ദേശ്യത്തിനായി ആരംഭിച്ച ട്രഷറി അക്കൗണ്ടിലൂടെ മാത്രം നടത്തേണ്ടതാണ്.

*പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുക 3,515,371/- രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും മുൻകൂർ ഇനത്തിൽ പിൻവലിച്ച് (കണക്ക് ശീർഷകം 460500501-Advance to Implementing Officers) പ്രസിഡന്റിന്റെയും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടെയും പേരിൽ കോരുത്തോട് സർവ്വീസ് സഹകരണ ബാങ്കിൽ 8947 നം. അക്കൗണ്ടിലേക്ക് നിക്ഷേപിച്ച ശേഷം പ്രസ്തുത അക്കൗണ്ടിലൂടെയാണ് ചെലവഴിക്കുന്നത്. 31.03.2018 തീയതി വരെ ടി പ്രോജക്ടിന് 12.8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുക സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രികയിലും തുക ചെലവായി പ്രതിഫലിച്ചിട്ടില്ല. അപാകത പരിഹരിക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ജല അതോറിറ്റിയിൽ 4 ലക്ഷം രൂപ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ട് മുഖേനയും ഭൂജല വകുപ്പിൽ 806,813/- രൂപ സെക്രട്ടറി നടപ്പാക്കിയ 2 പ്രോജക്ടുകൾ

പ്രകാരവും നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജല അതോറിറ്റി | കേരുത്തോട് 6-ാം വാർഡ് കോസടി വാട്ടർ സപ്ലൈ സ്കീം പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ (154/18) | 400,000/- | 18.01.2018 | ഇല്ല | 400,000/- |
| ഭൂജല വകുപ്പ് | കുഴൽക്കിണർ നിർമ്മാണം(173/18) | 180,404/- | 30.01.2018 | ഇല്ല | 180,404/- |
| | വിവിധ വാർഡുകളിൽ കുഴൽക്കിണർ നിർമ്മാണം (176/18) | 626,736/- | 28.07.2017 | ഇല്ല | 626,736/- |
| **ആകെ** | | **1,207,140/-** | | **-** | **1,207,140/-** |

മുൻവർഷങ്ങളിൽ നിക്ഷേപിച്ച തുകകളിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തവയും (മുന്നിരിപ്പ്) തൻവർഷം നിക്ഷേപിച്ച തുകയുമുൾപ്പെടെയാണ് 31.03.2018 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 ലെ 460500201, 460500204 എന്നീ നിക്ഷേപ ശീർഷകങ്ങളിൽ അവശേഷിക്കുന്നത്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും പഞ്ചായത്ത് ഫണ്ടിലേക്ക് എടുത്തിട്ടില്ല. വായ്പ തിരിച്ചടവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ അക്കൗണ്ട് നം./ ബാങ്ക് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ(ആർ.ടി.) നം.823/10/ തസ്വഭവ 11.03.2010 | 0144900000001 കോരുത്തോട് സർവ്വീസ് സഹകരണ ബാങ്ക് | 12,927,300/- | 996,079/- | 996,079/- | ഇല്ല |

തൻവർഷം 996,079/- രൂപയുടെ വായ്പ തിരിച്ചടവ് 18.08.2017-ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ 2/18 പ്രോജക്ട് മുഖേനയാണ് നടത്തിയിട്ടുള്ളത്. അക്കൗണ്ടിങ്ങിലെ അപാകത മൂലം 330500102 ശീർഷകത്തിൽ പഞ്ചായത്തിന്റെ വായ്പയിനത്തിലുള്ള ബാധ്യത 31.03.2018 ബാലൻസ് ഷീറ്റിലും നിലനിൽക്കുന്നു. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ 500/- രൂപ ഈടാക്കിയതായി കാണുന്നു. 180400101-Recovery From Employees-Audit Recovery Based on Charge Certificate എന്ന ശീർഷകത്തിന്റെ ലഡ്ജർ, കമ്പ്യൂട്ടർ രശീത് എന്നിവ പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയതി |
|---|---|---|---|---|
| 2009-10 & 2010-11 | 3-6 | 500/- | എച്ച്. മുഹമ്മദ് സലിം, സെക്രട്ടറി | 117010101600/ 02.02.2018 |

ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തെ കണക്കുകളുടെ സംക്ഷിപ്തവും തയ്യാറാക്കേണ്ടതാണ്.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 64,114,902/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 51,202,801/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | ഇല്ല |

| | |
|---|---|
| തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,210,140/- |

**<u>(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 3,000/- | ശ്രീ സുരേഷ് കുമാർ, സെക്രട്ടറി |
| 3-7 | 807,140/- | ശ്രീ സുരേഷ് കുമാർ, സെക്രട്ടറി |
| | 400,000/- | ശ്രീ അരുൺ റ്റി. റ്റി., അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) |
| ആകെ | 1,210,140/- രൂപ | |

**<u>(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഖണ്ഡിക 2-2 GST 3,180/- രൂപ (SGST-1,590/- ; CGST-1,590/-)

**<u>(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഖണ്ഡിക 2-4

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ബാധകമല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.12.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി9-53/08/ 10.11.2008 | 4 |
| 2009-10, 2010-11 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2018/203(4)/18 / 28.02.2018 | 11 |

| | | |
|---|---|---|
| 2011-12, 2012-13 | കെ.എസ്.എ.-കെ.ടി.എം.പി11/അദാ-2018/203(5)/18/ 28.02.2018 | 17 |
| 2013-14, 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13-1396/16/ 30.05.2017 | 10 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി13-1841/16/ 04.07.2017 | 13 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി11-1068/18/ 26.10.2018 | 13 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

<u>അനുബന്ധം-1</u>
<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി11-288/2019**

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 25/03/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **കോട്ടയം** ജില്ലയിലെ **കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ** 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ** 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**